# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3263 — 11.05.2017 ലെ മറുപടിക്ക്

### കയർ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധിയും തൊഴിലില്ലായ്മയും

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള

**ഉത്തരം**

ഡോ. ടി.എം.തോമസ്സ് ഐസക്
(ധനകാര്യവും കയറും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) മതിയായ ഓർഡറുകൾ ലഭിക്കാത്തതുമൂലം കയർ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധികളും തൊഴിലില്ലായ്മയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | എ)കയർ മേഖലയിൽ പ്രതിസന്ധി ഉണ്ടാകാതിരിക്കാൻ വേണ്ടിയുള്ള എല്ലാ നടപടികളും ഈ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. കയർപിരി മേഖലയിൽ പ്രതിസന്ധി ഉടലെടുത്തിട്ടുള്ളത് ഓർഡർ കുറവ് മൂലമല്ല മറിച്ച് ഉൽപാദനം വർദ്ധിപ്പിച്ചതും, അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള കയറിന്റെ വരവ് കൂടിയതും മൂലമാണ്. സഹകരണ സംഘങ്ങൾ വഴി ഉത്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡ് സംഭരിക്കുകയാണ്. ഇതിനു പരിഹാരമായി PPSS ഫണ്ടിൽ ഉൾപ്പെടുത്തി ഡിസ്ക്കൗണ്ടുകൾ നൽകി കയർ വിപണനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തൻമൂലം വാങ്ങലിൽ 26% വും വിൽപ്പനയിൽ 22%ഉം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. ക്രയവിലസ്ഥിരതാ പദ്ധതി കൂടുതൽ സമഗ്രമായി നടപ്പാക്കുന്നു.<br>2. ചെറുകിട ഉൽപ്പാദകരുടേയും അവരുടെ സഹകരണ സംഘങ്ങളുടേയും കയ്യിൽ സ്റ്റോക്ക് ഉണ്ടായിരുന്ന കയർ ഉൽപ്പന്നങ്ങൾ മുഴുവൻ ഒറ്റ തവണയായി വില നൽകി സംഭരിച്ചു.<br>3. ചെറുകിട മേഖലയിൽ തുടർച്ചയായി ഉൽപ്പാദന പ്രവർത്തനങ്ങൾ നടക്കുന്നതിനായി പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് മുൻകൂർ ഓർഡറുകൾ നൽകികൊണ്ടിരിക്കുന്നു.<br>4. സംഭരിച്ച ഉൽപ്പന്നങ്ങൾ ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ വിൽപ്പന നടത്തുന്നതിന് വിവിധ സംസ്ഥാന സർക്കാരുകളുമായി ധാരണാപത്രങ്ങൾ ഉണ്ടാക്കുകയും, അതാത് |

| | |
|---|---|
| | സംസ്ഥാനങ്ങളിലെ പൊതുവിപണന ശൃംഖലകൾ വഴി ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.<br>5. കയർ ഉൽപ്പന്നങ്ങൾ കേരളത്തിൽ മുഴുവൻ പ്രദേശങ്ങളിലും വിപണനം നടത്തുന്നതിന് കയർ വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ കയർ പൊതുമേഖലാ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ, വരുന്ന ഓണക്കാലത്ത് പ്രത്യേക വിൽപ്പന ക്യാംപയിൻ നടത്തുന്നതിന് പരിപാടികൾ ആവിഷ്ക്കരിച്ചു കഴിഞ്ഞു. ഈ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ ഉപഭോക്താക്കൾക്ക് റിബേറ്റ് നൽകുന്നതാണ്.<br>6. ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പാദന പ്രവർത്തനങ്ങൾക്ക് സഹായകമായി അവർക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ കയർഫെഡിൽ നിന്നും മറ്റും സംഭരിച്ച് ഉൽപ്പാദക സഹകരണ സംഘങ്ങൾ മുഖാന്തിരം അഡ്വാൻസ് ആയി നൽകുന്നു.<br>7. നിർമ്മിച്ച് സംഭരിക്കുന്ന ഉൽപ്പന്നങ്ങളുടെ വില ഉടനടി നൽകുന്നു.<br>കയർ കോർപ്പറേഷന്റെ തനത് കയറ്റുമതി പരമാവധി വർദ്ധിപ്പിക്കുന്നതിന് വിദേശങ്ങളിലെ പാരിസ്ഥിതിക-സാമൂഹിക അനുകൂല വിപണികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി)കടക്കെണിയിലായ കയർ തൊഴിലാളികളെ സംരക്ഷിക്കാൻ മുൻ സർക്കാർ ആരംഭിച്ച ഇൻകം സപ്പോർട്ട് സ്കീം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ മറ്റെന്തെങ്കിലും ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | ബി) കടക്കെണിയിലായ കയർ തൊഴിലാളികളെ സംരക്ഷിക്കാൻ ആരംഭിച്ച ഇൻകം സപ്പോർട്ട് സ്കീം നിലവിലുണ്ട്. വി.എസ്.അച്ചുതാനന്ദൻ സർക്കാരാണ് ഇൻകം സപ്പോർട്ട് സ്കീമിന് രൂപം നൽകിയത്. പ്രസ്തുത പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 12,44,50,000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ